LIBRARY ARCHIVES Kerala Legislative Assembly

**ഷെയ്ഖ് സൈനുദ്ദീൻ മഖ്ദും സ്മാരക നിർമ്മാണം**

364(1110) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2020-21 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച ഷെയ്ഖ് സൈനുദ്ദീൻ മഖ്ദും സ്മാരക നിർമ്മാണം പൂർത്തീകരിക്കുന്നതിനുവേണ്ടി എടുത്തിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

2020-2021 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ സർക്കാരിലെ സാംസ്കാരിക-കാര്യ വകുപ്പിന്റെ നേതൃത്വത്തിൽ ഷെയ്ഖ് സൈനുദ്ദീൻ മഖ്ദും സ്മാരക നിർമ്മാണത്തെ സംബന്ധിച്ച് യാതൊരുവിധ പരാമർശവുമില്ല. എന്നാൽ 2021-2022 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിൽ പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പിനായി 2075-00-800-10-10-നോൺ പ്ലാൻ എന്ന ശീർഷകത്തിൽ സൈനുദ്ദീൻ മഖ്ദും സ്മാരകത്തിന് 1000 രൂപ ടോക്കൺ പ്രൊവിഷനായി വകയിരുത്തിയിട്ടുണ്ട്. ഷെയ്ഖ് സൈനുദ്ദീൻ മഖ്ദും സ്മാരക നിർമ്മാണം സംബന്ധിച്ച തുടർ നടപടികൾ സർക്കാരിലെ പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ് കൈകാര്യം ചെയ്ത് വരുകയാണ്. പ്രസ്തുത വിഷയത്തിൽ വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കുവാൻ മലപ്പുറം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

**നെന്മാറ നിയോജകമണ്ഡലത്തിൽ ചിത്രാഞ്ജലി തിയേറ്റർ**

365(1111) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ ചിത്രാഞ്ജലി തിയേറ്റർ ഇല്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ചലച്ചിത്ര വികസന കോർപ്പറേഷന്റെ തിയേറ്ററുകൾ നിലവിലില്ല.

(ബി) ചിത്രാഞ്ജലി തിയേറ്റർ തുടങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ കിഫ്ബി പദ്ധതി പ്രകാരം തിയേറ്ററുകൾ ആരംഭിക്കുന്നതിന് മിനിമം 80 സെന്റ് സ്ഥലം ആവശ്യമാണ്. കൂടാതെ ഒരു വിദഗ്ധ സമിതി സാദ്ധ്യതാ പഠനം നടത്തി, തിയേറ്റർ പദ്ധതിക്ക് ഉചിതമാണെന്ന് കണ്ടെത്തിയാണ് തിയേറ്റർ നിർമ്മിക്കുന്നത്.

(സി) നെന്മാറ മണ്ഡലത്തിൽ തിയേറ്റർ അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

കെ.എസ്.എഫ്.ഡി.സി.-ക്ക് തിയേറ്റർ നിർമ്മാണത്തിനായി കിഫ്ബി അനുവദിച്ച ഫണ്ട് നിലവിൽ അംഗീകരിക്കപ്പെട്ട തിയേറ്ററുകൾക്കായി വകയിരുത്തി ചെലവഴിച്ചു. കൂടുതൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ നിയമാനുസൃത നടപടികൾ ആലോചിക്കുന്നതാണ്.

**സംരക്ഷിത സ്മാരകങ്ങളായി പുരാവസ്തു വകുപ്പ് പുതുതായി ഏറ്റെടുക്കാനുള്ള മാനദണ്ഡങ്ങൾ**

366(1112) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലറ-പാങ്ങോട് സമരത്തിന്റെ ഭാഗമായി അവശേഷിക്കുന്ന പാങ്ങോട്ടെ പഴയ പോലീസ് സ്റ്റേഷൻ കെട്ടിടവും പഴയ അഞ്ചലാപ്പീസ് എന്ന് അറിയപ്പെടുന്ന പോസ്റ്റ് ഓഫീസ് കെട്ടിടവും സ്ഥലവും സംരക്ഷിത സ്മാരകമായി ഏറ്റെടുക്കാനുള്ള പുരാവസ്തു വകുപ്പിന്റെ നടപടികളുടെ പുരോഗതി അറിയിക്കാമോ?

പാങ്ങോട്ടെ പഴയ പോലീസ് സ്റ്റേഷൻ കെട്ടിടവും പഴയ അഞ്ചൽ ഓഫീസും പുരാവസ്തു വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധന നടത്തിയിരുന്നു. പ്രസ്തുത പരിശോധനയിൽ നിർമ്മിതികൾക്ക് നൂറു വർഷം പഴക്കമായിട്ടില്ലെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. മാത്രമല്ല, യഥാർത്ഥ നിർമ്മിതികൾ ഒട്ടനവധി കൂട്ടിച്ചേർക്കലുകൾക്കും നവീകരണങ്ങൾക്കും വിധേയമായിട്ടുണ്ട്. ആകയാൽ 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട നിയമപ്രകാരം ഈ നിർമ്മിതികളെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നതിന് നിർവ്വാഹമില്ല.

(ബി) സംരക്ഷിത സ്മാരകങ്ങളായി പുരാവസ്തു വകുപ്പ് പുതുതായി ഏറ്റെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട നിയമം ചട്ടം 2 (എ) പ്രാചീന സ്മാരകത്തെ താഴെപ്പറയുംപ്രകാരം നിർവ്വചിക്കുന്നു. "ചരിത്രപരമായോ, പുരാവസ്തു ശാസ്ത്ര സംബന്ധമായോ, കലാശിൽപ്പപരമായോ കൗതുക പ്രദമായതും, ഒരു ശതാബ്ദത്തിൽ കുറയാതെ നിലനിന്നിട്ടുള്ളതുമായ വല്ലനിർമ്മാണമോ, എടുപ്പോ, സ്മാരകമോ അഥവാ വല്ല ശ്മശാന സ്ഥലമേടയോ, തടങ്കൽ സ്ഥലമോ, അഥവാ വല്ല ഗ്രഹയോ, പാറമേലുള്ള ശിൽപവേലയോ, ശിലാലിഖിതമോ, അഥവാ ഏക ശിലാസ്തംഭമോ എന്നർത്ഥമാകുന്നതും, അതിൽ (I) പ്രാചീന സ്മാരകത്തിന്റെ അവശിഷ്ടങ്ങളും (II) പ്രാചീന സ്മാരക സങ്കേതവും (III)

LIBRARY ARCHIVES Kerala Legislative Assembly